# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 981 30.09.2016 ൽ മറുപടിയ്ക്ക്**

## കർഷക പെൻഷൻ

| ചോദ്യം<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കർഷക പെൻഷൻ കുടിശ്ശികയായി എത്ര രൂപ നൽകാനുണ്ടെന്നും എത്ര പേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കുമോ; | എ) | 2016 സെപ്റ്റംബർ മാസം വരെ 3,56,663 പേർക്ക് പെൻഷൻ ഇനത്തിൽ 191.51 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 151.45 കോടി രൂപ 2015 സെപ്റ്റംബർ മുതൽ 2016 ജനുവരി മാസം വരെയുള്ള കുടിശ്ശിക തീർത്തു നൽകിയതിനു ശേഷമുള്ള തുകയാണിത്. |
| ബി) | പ്രസ്തുത പെൻഷൻ അടിയന്തരമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; | ബി) | 01.06.2016 മുതൽ കർഷക പെൻഷൻ 600രൂപയിൽ നിന്നും 1000രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം ഒരുമാസത്തെ തുക നൽകുന്നതിന് 37.895കോടി രൂപ ഓണത്തിന് മുമ്പ് തന്നെ അനുവദിച്ച് ജില്ലകളിലേയ്ക്ക് കൈമാറി ഉത്തരവായിട്ടുണ്ട്. |
| സി) | ഭാവിയിൽ പെൻഷൻ തുക ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം നിർദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | സി) | പെൻഷൻ അർഹരുടെ മാനദണ്ഡം നിശ്ചയിക്കുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിൽ ധാരാളം അപാകതകൾ ഉള്ളതായും നിരവധി അനർഹരായവർ പെൻഷൻ വാങ്ങുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**